സാംസ്ക്കാരിക അനുഭവമാണ് ഭാഷയെന്ന് സർവ്വവിജ്ഞാനകോശം ഡയറക്ടർ മ്യൂസ് മേരി ജോർജ്ജ് പറഞ്ഞു. ജില്ലാ പോലീസ് ആസ്ഥാനത്ത് നടക്കുന്ന മലയാള ഭാഷാ വാരാചരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു. ശക്തമായ അനുഭവങ്ങളുള്ള ഭാഷയാണ് മലയാളം. ഉപയോഗിക്കാതിരുന്നാൽ ഭാഷ മരിച്ചു പോകുമെന്നും മ്യൂസ് അഭിപ്രായപ്പെട്ടു. ചടങ്ങ് ജില്ലാ പോലീസ് മേധാവി വിവേക് കുമാർ ഉദ്ഘാടനം ചെയ്തു.